"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലാ ശുചിത്വ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച വരുന്ന മലപ്പുറം ജില്ലാ ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ അഖിലേഷ് ടി.എസ് -ന്റെ അന്യത്രസേവന കാലാവധി 01/12/2024 മുതൽ 30/03/2025 വരെ ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.774/2025/LSGD തീയതി,തിരുവനന്തപുരം, 22-03-2025

---

പരാമർശം:-
1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.
2. സ.ഉ.(പി) നം. 580/2013/ധന തീയതി 28/11/2013.
3. സ.ഉ.(സാധാ) നം. 2270/2023/തസ്വഭവ തീയതി 18/11/2023.
4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/02/2025ലെ എസ്.എം./2024/2024-ബി നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലാ ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ആയ ശ്രീ. അഖിലേഷ് ടി.എസ്.നെ പരാമർശം (3) പ്രകാരം മലപ്പുറം ജില്ലാ ശുചിത്വ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. മാലിന്യ മുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി 2025 മാർച്ച് 30 ന് കേരളം സമ്പൂർണ്ണ മാലിന്യ മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ശ്രീ.അഖിലേഷിന്റെ സേവനം അനിവാര്യമായതിനാൽ ടിയാളുടെ അന്യത്രസേവന കാലയളവ് ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച ഉത്തരവാകുകയോ അല്ലാത്ത പക്ഷം 01/12/2024 മുതൽ 30/03/2025 വരെ ടിയാനെ ശുചിത്വ മിഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരമാർശം (4) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലാ ശുചിത്വ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച വരുന്ന മലപ്പുറം ജില്ലാ ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ അഖിലേഷ്

ടി.എസ് -ന്റെ അന്യത്രസേവന കാലാവധി കെ.എസ്.ആർ. ഭാഗം - I ചട്ടം 140 (സി)യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01/12/2024 മുതൽ 30/03/2025 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ബന്ധപ്പെട്ട വ്യക്തിക്ക് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ./ഇ&ആർ.എസ്.എ.) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/220/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 22-03-2025 17:09:01
സെക്ഷൻ ഓഫീസർ